**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 734 28.09.2011 ൽ മറുപടിക്ക്

## ജലനിധി രണ്ടാം ഘട്ട പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. ചിററയം ഗോപകുമാർ<br>ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലനിധി രണ്ടാം ഘട്ട പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ജലനിധി രണ്ടാം ഘട്ട പദ്ധതി ആരംഭിക്കുന്നതിന് ലോകബാങ്കുമായുള്ള ചർച്ചകൾ പൂർത്തിയാക്കി വരുന്നു. രണ്ടാം ഘട്ട പദ്ധതി രേഖ അംഗീകരിക്കുന്നതോടെ ആദ്യ ബാച്ചായി 26 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) രണ്ടാംഘട്ട ജലനിധി പദ്ധതി എത്ര പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) എല്ലാ ജില്ലകളിലുമായി 200 പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുന്നതു വഴി ഉദ്ദേശം 11 ലക്ഷം ജനങ്ങൾക്ക് കുടിവെള്ള സൗകര്യവും 7 ലക്ഷം ജനങ്ങൾക്ക് സാനിററി സൗകര്യവും ലക്ഷ്യമിടുന്നു. |
| (സി) ഒരു പഞ്ചായത്തിൽ ഈ പദ്ധതി എത്രകാലം കൊണ്ട് പൂർത്തിയാക്കാനാണുദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ആസൂത്രണം, നിർവ്വഹണം, നിർവ്വഹണാനന്തര ഘട്ടങ്ങൾ എന്നിവയ്ക്കായി എത്ര സമയം വീതം നീക്കി വച്ചിട്ടുണ്ട് ; | (സി) ഒരു പഞ്ചായത്തിൽ 24 മാസം കൊണ്ട് പൂർത്തിയാക്കാനുദ്ദേശിക്കുന്നു. ആസൂത്രണത്തിന് 9 മാസവും നിർവ്വഹണത്തിന് 12 മാസവും നിർവ്വഹണാനന്തര പ്രവർത്തനങ്ങൾക്ക് 3 മാസവും നീക്കി വച്ചിട്ടുണ്ട്. |
| (ഡി) രണ്ടാം ഘട്ടത്തിൽ ഗുണഭോക്തൃ വിഹിതം എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) ഗുണഭോക്തൃ വിഹിതം ജനറൽ കാററഗറി 10% (5% പണമായും 5% തൊഴിലായും) പട്ടിക വർഗ്ഗ. പട്ടിക ജാതി. തീരദേശത്തെ മത്സ്യമേഖലാ സമൂഹങ്ങൾക്ക് ഗുണഭോക്തൃ വിഹിതം 5% വുമാണ്. (1% പണമായും 4% തൊഴിലായും) |

സെക്ഷൻ ഓഫീസർ